# K15U 0542

Reg. No.: ..............................

Name : ..............................

## I Semester B.A. Degree (CCSS – Reg./Supple./Improve.) Examination, November 2015
## CORE COURSE IN MALAYALAM
## 1 B 01 MAL : പ്രാചീന മദ്ധ്യകാല കവിത
## (2014 Admn. Onwards)

Time : 3 Hours Max. Marks : 40

I. ഒറ്റ വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) 'ദ്രമിഡ സംഘാതാക്ഷരമാല'യിൽ എത്ര അക്ഷരങ്ങൾ ഉണ്ട് ?

2) 'ശിവരാത്രി മാഹാത്മ്യം' എഴുതിയതാര് ?

3) നളചരിതഭാഷ 'വെങ്കലഭാഷ'യാണെന്ന് അഭിപ്രായപ്പെട്ടത് ആര് ?

4) 'ഋതുക്കളുടെ കവി'യെന്ന് വിശേഷിപ്പിക്കുന്ന കവി ആര് ?

5) "അന്നൊത്ത പോകി" എന്നു തുടങ്ങുന്ന മുക്തകത്തിന്റെ കർത്താവാര് ?

6) "അഞ്ചാറുനാഴികപ്പകലുള്ളപ്പോഴാദിത്യ ബിംബം
അഞ്ചാതെ തൃച്ചക്രം കൊണ്ടു മറച്ചു കൃഷ്ണൻ" – എന്തിനുവേണ്ടി ?

7) "ഈറ്റനോവിന്റെ പരമാർത്ഥമൊക്കെയും
പെറ്റ പെണ്ണുങ്ങൾക്കു തന്നേയറിയാവൂ" – ഏതു കൃതിയിലെ വരികൾ ?

8) "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻതന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ" – ആര് ആരോട് പറയുന്നു ? **(6×1=6)**

II. **നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

9) 'ഊനമറ്റെഴും ഇരാമചരിതത്തിലൊരു തെ –
ല്ലൂഴിയിൽച്ചെറിയവർക്കറിയുമാറുരചെയ്വാൻ' – വിവക്ഷിതമെന്ത് ?

10) പാട്ടിന്റെ ലക്ഷണം നിർവചിച്ച് ഉദാഹരിക്കുക.

P.T.O.

11) ''ഒരു ജാതിയുമിടകളവാനാർ മ –
റ്റുള്ളവർ പിന്നെ നമുക്കിരുവർക്കും'' ഇങ്ങനെ പറയുവാനുള്ള കാരണമെന്ത് ?

12) 'ഉമ്പർകോൻ ചെന്നിട്ടു പക്ഷമറുക്കയാൽ
വമ്പറ്റുവീണൊരു ശൈലം പോലെ' – വിവക്ഷിതമെന്ത് ?

13) 'പാലും ജലവും കലർന്നു വച്ചീടിനാൽ
പാലേ കുടിപ്പൂ അരയന്ന ജാതികൾ' – സൂചിതമെന്ത് ?

14) 'കീചകനാലിംഗനേന മരിച്ചുപോൽ
നാശം നിനക്കുമതിന്മൂലമാകയോ !' – സന്ദർഭമെന്ത് ? **(4×2=8)**

III. **150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

15) ''എന്തുകൊണ്ടോ ശൗരി കണ്ണീരണിഞ്ഞു ; ധീരനായ
ചെന്താമരക്കണ്ണനുണ്ടോ കരഞ്ഞിട്ടുള്ളൂ'' – സന്ദർഭമെന്ത് ?

16) ''ആർത്തു നടക്കും വണ്ടിൻചാർത്തും കുയിൽക്കുലവും
വാഴ്ത്തുന്നു മദനന്റെ കീർത്തിയെ മറ്റൊന്നില്ല.'' – ആശയം വ്യക്തമാക്കുക.

17) കണ്ണശ്ശകൃതികളുടെ ഭാഷാപരമായ പ്രത്യേകതകൾ വ്യക്തമാക്കുക.

18) 'ഗണപതിപ്രാതൽ' എന്ന കൃതിയിൽ കുഞ്ചൻ നമ്പ്യാർ നടത്തുന്ന സാമൂഹ്യ
വിമർശനം വ്യക്തമാക്കുക.

19) 'മുക്തകങ്ങളുടെ സവിശേഷതകൾ പാഠ്യഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

20) നളചരിതത്തിലെ ഭാഷയെക്കുറിച്ച് വിശദീകരിക്കുക. **(4×3=12)**

IV. **മുന്നൂറ്** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

21) രാമചരിതത്തിലെ ഭാഷയെക്കുറിച്ചുള്ള വ്യത്യസ്താഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

22) കരുണരസത്തിന്റെ ആവിഷ്കാരത്തിൽ എഴുത്തച്ഛൻ പുലർത്തുന്ന നൈപുണ്യം
മഹാഭാരതം – സ്ത്രീപർവ്വത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

23) കുഞ്ചൻ നമ്പ്യാരുടെ നർമ്മവിലാസത്തെപ്പറ്റി 'ഗണപതിപ്രാതൽ' മുൻനിർത്തി
വിശദീകരിക്കുക.

24) വടക്കൻപാട്ടിന്റെ സവിശേഷതകൾ 'ഒതേനനും ഓണപ്പുടവയും' എന്ന പാഠ്യ
ഭാഗത്തെ മുൻനിർത്തി ഉപന്യസിക്കുക. **(2×7=14)**

---